"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ടെക്നിക്കൽ വിഭാഗം ജീവനക്കാർക്ക് ഡൽഹിയിൽ വെച്ച് നടത്തിയ ഇ-ഓഫീസ് മാസ്റ്റർ ട്രെയിനർ പ്രോഗ്രാമിൽ (ലെവൽ II) പങ്കെടുത്ത നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഐബി) വകുപ്പ്

സ.ഉ.(സാധാ) നം.1521/2026/LSGD തീയതി,തിരുവനന്തപുരം, 13-08-2026

പരാമർശം:- 1 പ്രിൻസിപ്പൽ ഡയറക്ടറുടെ 10.01.2024 തീയതിയിലെ LSGD/PD/16412/2023-DPLB2 നമ്പർ കത്ത്.

2 പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നുള്ള 17.07.2026-തീയതിയിലെ ഇ-മെയിൽ സന്ദേശം

ഉത്തരവ്

ന്യൂഡൽഹിയിലെ എൻ.ഐ.സി (NIC) ആസ്ഥാനത്ത് വെച്ച് 16/01/2024 മുതൽ 19/01/2024 വരെ നടന്ന ഇ-ഓഫീസ് മാസ്റ്റർ ട്രെയിനർ പ്രോഗ്രാമിൽ (ലെവൽ II) പങ്കെടുക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിലെ താഴെ പറയുന്ന നാല് ടെക്നിക്കൽ വിഭാഗം ജീവനക്കാരെ തെരഞ്ഞെടുത്തിരുന്നു

1) ജി.കെ. സുനിൽ സിസ്റ്റം മാനേജർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

2) സജീവ് പി.എസ്. സിസ്റ്റം സൂപ്പർവൈസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

3) പ്രദീപ് കെ.എസ്. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ

4) രാകേഷ് ബാബു ബി.ആർ. ടെക്നിക്കൽ സപ്പോർട്ട് എൻജിനീയർ, LSGD

(2) പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജോയിന്റ് ഡയറക്ടറുടെ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവടങ്ങളിൽ നിലവിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്തുകളിൽ ഇതിന്റെ പ്രവർത്തനം പുരോഗമിക്കുന്നുവെന്നും. എന്നാൽ ഇ-ഓഫീസ് പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നതിനും തെറ്റുകൾ പരിഹരിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ആവശ്യമായ ശേഷി വികസനം ഉറപ്പാക്കേണ്ടതുള്ളതിനാൽ ടി ജീവനക്കാരെ പരിശീലനത്തിന് അയക്കുന്നത് ഉചിതമായിരിക്കുമെന്നും ആയതിനാൽ ടി ജീവനക്കാർക്ക് പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുന്നതിനും വിമാനയാത്രയ്ക്കുമുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(3) എന്നാൽ, തെരഞ്ഞെടുക്കപ്പെട്ട നാല് പേരിൽ പ്രദീപ് കെ.എസ്. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ മാത്രമാണ് പ്രസ്തുത പരിശീലന പരിപാടിയിൽ

പങ്കെടുത്തതെന്ന് പരാമർശം(2) പ്രകാരം അറിയിച്ചിട്ടുണ്ട്.

(4) ഈ സാഹചര്യത്തിൽ ന്യൂഡൽഹിയിലെ എൻ.ഐ.സി (NIC) ആസ്ഥാനത്ത് വെച്ച് 16/01/2024 മുതൽ 19/01/2024 വരെ നടന്ന ഇ-ഓഫീസ് മാസ്റ്റർ ട്രെയിനർ പ്രോഗ്രാമിൽ (ലെവൽ II) പ്രദീപ് കെ.എസ്. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുത്ത നടപടി സാധൂകരിച്ച് ഉത്തരവാകുന്നു. ഈ യാത്രയ്ക്കുള്ള ചിലവുകൾ ആർ.ജി.എസ്.എ (RGSA) സ്കീമിന് കീഴിലുള്ള 'PMU Expenses' ഘടകത്തിൽ ലഭ്യമായ ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥന്-(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർഎസ്എ/ജി&എസ്എസ്എ),
കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by Geetha. T. S
Date: 14-08-2026 10:56:48
സെക്ഷൻ ഓഫീസർ